LIBRARY ARCHIVES Kerala Legislative Assembly

ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കാൻ നടപടി

21 [2329] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് സ്ഥാപിക്കുന്നത്;

(സി) 2004 സെപ്തംബറിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച തിരുവനന്തപുരത്തെ ബയോടെക്നോളജി പാർക്കിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിലും തിരുവനന്തപുരത്തും ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) തിരുവനന്തപുരത്ത് സ്ഥാപിക്കുവാനുദ്ദേശിക്കുന്ന പാർക്കിനുവേണ്ടി 50 ഏക്കറോളം വരുന്ന ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

എൽ. ഡി. ക്ലാർക്ക് നിയമനത്തിന് പുതിയ പരീക്ഷാസംവിധാനം

22 [2331] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
,, *തോമസ് ചാഴികാടൻ:*
,, *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. ക്ലാർക്ക് നിയമനത്തിന് ജൂലായ്-ൽ പി. എസ്. സി. നടത്തുന്ന പരീക്ഷയ്ക്ക് പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ സംവിധാനം ഏർപ്പെടുത്തുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) നിലവിൽ പരീക്ഷാ നടത്തിപ്പിൽ ഉണ്ടാകുന്ന ചെലവിനേക്കാൾ പുതിയ സംവിധാനം ഏർപ്പെടുത്തുമ്പോൾ എത്രമാത്രം അധിക ചിലവാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) — (സി) പി. എസ്. സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.